മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ബില്ല് അന്യായമായി തടഞ്ഞു വച്ച നടപടി

110 [5093] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം പുതിയവിള യു.പി. സ്കൂളിലെ അദ്ധ്യാപിക ശ്രീമതി ജെ. അംബികാദേവിയുടെ ഭർത്താവ് ശ്രീ. രവിക്ക് കിഡ്നി ട്രാൻസ്പ്ലാന്റ് ചെയ്തതുമൂലം ജീവൻ രക്ഷാ മരുന്ന് കഴിക്കുന്നതിന്റെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ബില്ല് അന്യായമായി തടഞ്ഞുവയ്ക്കപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ശ്രീമതി അംബികാദേവിയുടെ എന്തെങ്കിലും പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് ഇതുവരെ എടുത്ത നടപടികൾ വിശദമാക്കാമോ;

(ഡി) കേരള ലോകായുക്ത, ഡി.പി.ഐ. ആലപ്പുഴ, ഡി.ഡി.ഇ., സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുതലായവ ആവശ്യമായ നിർദ്ദേശങ്ങളും വിധികളും നൽകിയിട്ടും അന്യായമായി മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ബില്ല് തടഞ്ഞു വയ്ക്കുന്ന ബന്ധപ്പെട്ട വർക്കെതിരെ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ബിൽ മാറിക്കൊടുക്കാതെ തടഞ്ഞു വച്ചവരുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(എഫ്) ഇവർക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ജി) ശ്രീമതി അംബികാദേവിയുടെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ബില്ല് പ്രശ്നത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഡി) അന്യായമായി മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ബില്ലുകൾ ആരും തടഞ്ഞു വയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഹണ്ട് അവോട്ട്മെന്റ് ലഭ്യതയനുസരിച്ച് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ബിൽ മാറിക്കൊടുത്തിട്ടുണ്ട്. നാളിതുവരെ 7,06,300 രൂപ ശ്രീമതി ജെ. അംബികാദേവിക്ക് ഈ ഇനത്തിൽ കൊടുത്തിട്ടുണ്ട്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ബഹു. ലോകായുക്തയുടെ വിധിയുടെ അടിസ്ഥാനത്തിൽ ശ്രീമതി അംബികാദേവിയുടെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ക്ലെയിമുകൾ നിശ്ചിത സമയത്തിനുള്ളിൽ മാറിക്കൊടുക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കൊല്ലം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ക്ലാസ്-3, ക്ലാസ്-4 തസ്തികകളിൽ അന്ധർക്ക് സംവരണം

111 [5091] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998 മുതൽ 2002 വരെയുള്ള കാലയളവിൽ കൊല്ലം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ക്ലാസ്-3, ക്ലാസ്-4 തസ്തികകളിൽ എത്ര വേക്കൻസികൾ ഉണ്ടായിട്ടുണ്ട്; ഇതിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര എണ്ണത്തിൽ നിയമനം നടന്നു;

(ബി) ഈ കാലയളവിൽ ക്ലാസ്-3, ക്ലാസ്-4 തസ്തികകളിൽ കരാർ അടിസ്ഥാനത്തിലും ദിവസക്കൂലി അടിസ്ഥാനത്തിലും നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) ഈ കാലയളവിൽ നടന്ന നിയമനങ്ങളിൽ അന്ധർക്ക് സംവരണം വഴി ലഭിക്കാൻ അർഹതയുള്ള നിയമനങ്ങൾ എത്രയാണ്; അതിൽ എത്ര എണ്ണത്തിൽ അവർക്ക് നിയമനം നൽകി;

(ഡി) അന്ധർക്ക് സംവരണം വഴി അർഹതപ്പെട്ട മുഴുവൻ സീറ്റുകളിലേക്കും നിയമനം നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(എഫ്) സംവരണം വഴി കൊല്ലം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ അന്ധർക്ക് ലഭിക്കുവാൻ അർഹതയുള്ള മുഴുവൻ സീറ്റുകളിലേക്കും നിയമനം നടത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1998 മുതൽ 2002 വരെയുള്ള കാലയളവിൽ കൊല്ലം ജില്ലയിൽ അദ്ധ്യാപകേതര തസ്തികകളിൽ ക്ലാസ്-3-ൽ 53-ഉം, ക്ലാസ്-4-ൽ 144-ഉം ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ഇതിൽ ക്ലാസ്-3-ൽ 39 ഒഴിവുകളും, ക്ലാസ്-4-ൽ 133 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ ഒഴിവുകളിലെല്ലാം പി.എസ്.സി. മുഖേന നിയമനം നടത്തിയിട്ടുണ്ട്.

(ബി) അദ്ധ്യാപകേതര തസ്തികകളിൽ കരാർ അടിസ്ഥാനത്തിലും ദിവസക്കൂലി അടിസ്ഥാനത്തിലും നിയമനം നടത്തിയിട്ടില്ല.

(സി—എഫ്) അന്ധർക്ക് പ്രത്യേക സംവരണാനുകൂല്യം നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly